# വിശ്വാസി

ക്രിസ്തീയ വിശ്വാസത്തിന്റെ പ്രതീകം

VOL. 16 No. 1 | PUBLISHED FROM DELHI | PRICE Rs. 3/- | JANUARY 2012

## എഫ്.സി.ബി.സി 4–ാമത് ബിരുദദാനം മാർച്ച് മൂന്നിന്

**അടൂർ:** ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ പത്തനംതിട്ട ജില്ലയിലെ അടൂരിൽ പ്രവർത്തിക്കുന്ന ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിന്റെ 4–ാമത് ഗ്രാഡുവേഷൻ സർവീസ് 2012 മാർച്ച് മൂന്നിന് രാവിലെ പത്ത് മണിക്ക് അടൂർ മർത്തോമ യൂത്ത് സെന്റർ ആഡിറ്റോറിയത്തിൽ വച്ച് നടക്കും. കോളജ് പ്രിൻസിപ്പൽ പാസ്റ്റർ എബി ജോർജിന്റെ അദ്ധ്യക്ഷതയിൽ നടക്കുന്ന സമ്മേളനത്തിൽ ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ പ്രസിഡന്റും ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് ഡയറക്ടറുമായ പാസ്റ്റർ എം. സാമുവൽകുട്ടി ബിരുദദാന ശുശ്രൂഷ നിർവ്വഹിക്കും. ഡോ. ആനി ജോർജ് (എഫ്.റ്റി.സി മണക്കാല)മുഖ്യ സന്ദേശം നൽകും. ബി.റ്റി.എച്ച്, ഡി.റ്റി.എച്ച്, സി.റ്റിഎച്ച് എന്നീ ക്ലാസ്സുകളിൽ നിന്നുള്ള പതിമൂന്നുപേർ ഈ വർഷം പഠനം പൂർത്തീകരിക്കും.

2005–ൽ വിശ്വാസത്താൽ പ്രവർത്തനം ആരംഭിച്ച ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജിൽ നിന്നും നാൽപ്പത്തി എട്ട് യുവതിയുവാക്കൾ പഠനം പൂർത്തിയാക്കി ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ സുവിശേഷീകരണ പ്രവർത്തനങ്ങളിൽ വ്യാപൃതരായിരിക്കുന്നു. ഈവർഷത്തിൽ ബീഹാർ, ഉത്തർപ്രദേശ്, കേരളം എന്നിവിടങ്ങളിൽ നിന്നുള്ള മുപ്പത്തിയേഴുപേർ ഉൾപ്പെടുന്ന ബാച്ച് പഠനം നടത്തുന്നു. ആത്മനിറവും ദൈവിക പരിജ്ഞാനവും ഉള്ള അധ്യാപകർ ക്ലാസ്സുകൾ നയിക്കുന്നു. ബാച്ചിലർ ഇൻ തിയോളജി, ഡിപ്ലോമ ഇൻ തിയോളജി എന്നീ വിഭാഗങ്ങളിലായി ഇന്റർനാഷണൽ അസോസിയേഷൻ ഫോർ തിയോളജിക്കൽ അക്രെഡിറ്റേഷന്റെ (IATA) അംഗീകാരത്തോടെ നടക്കുന്ന കോഴ്സുകളിലേക്ക് പരിമിതമായ സീറ്റുകൾ ലഭ്യമാണ്. റെഗുലർ കോഴ്സിൽ പഠിക്കുവാൻ കഴിയാത്തവരും സുവിശേഷവേലയിൽ താല്പര്യവും ദർശനവുമുള്ള ഉദ്യോഗസ്ഥർക്കും കുടുംബസ്ഥർക്കും വേണ്ടി സായാഹ്ന കോഴ്സ് 6 മണി മുതൽ 8 മണിവരെ (തിങ്കൾ–ബുധൻ) നടത്തപ്പെടുന്നു. പുതിയ വർഷത്തെ ക്ലാസ്സുകൾ 2012 ജൂൺ ആദ്യവാരത്തിൽ ആരംഭിക്കും.



*ബിരുദദാരികൾ അതിഥികളോടോപ്പം (ഫയൽ ഫോട്ടോ)*

## റൈറ്റേഴ്സ് ഫെല്ലോഷിപ്പ് കാനം അച്ചനെ ആദരിച്ചു

തിരുവല്ല: ചർച്ച് ഓഫ് ഗോഡിലെ എഴുത്തുകാരുടേയും പത്രപ്രവർത്തകരുടേയും ഐക്യവേദിയായ ചർച്ച ഓഫ് ഗോഡ് റൈറ്റേഴ്സ് ഫെലോഷിപ്പിന്റെ 2–ാം മത് വാർഷിക സമ്മേളനത്തിൽ പ്രസിദ്ധ കൺവൻഷൻ പ്രസംഗികനും മികച്ച എഴുത്തുകാരനുമായ സുവിശേഷകൻ പി.ഐ. ഏബ്രഹാമിനെ (കാനം അച്ചൻ) ആദരിച്ചു. റൈറ്റേഴ്സ് ഫെലോഷിപ്പ് നാഷണൽ കോ–ഒർഡിനേറ്റർ പാസ്റ്റർ കെ.സി. ജോൺ ഫലകവും ഇന്റർനാഷണൽ കോ–ഒർഡിനേറ്റർ പാസ്റ്റർ പി. പി.കുര്യൻ മംഗളപത്രവും കാനം അച്ചന് സമ്മാനിച്ചു.

തിരുവല്ല സ്റ്റേഡിയം ദൈവസഭാഹാളിൽ ഡിസംബർ 7 ന് രാവിലെ 10:30 ന് പാസ്റ്റർ പി.ജി. മാത്യൂസിന്റെ അദ്ധ്യക്ഷതയിൽ നടന്ന വാർഷിക സമ്മേളനം കേരളാ സ്റ്റേറ്റ് ഓവർസിയർ പാസ്റ്റർ എം. കുഞ്ഞപ്പി ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി പാസ്റ്റർ ജെ. ജോസഫ് ഫെലോഷിപ്പിന്റെ പ്രവർത്തനങ്ങളെ കുറിച്ച് വിവരിച്ചു. സുവി.പി.ഐ. ഏബ്രഹാമും പാസ്റ്റർ കെ.സി.ജോണും സന്ദേശങ്ങൾ നൽകി. പാസ്റ്റർമാരായ ഷിബു കെ. മാത്യു, സണ്ണി പി. സാമുവൽ, ജോർജ് വർഗ്ഗീസ്, ബിജു ജോയി, കെ. എ. ഉമ്മൻ, സാംകുട്ടി മാത്യു എന്നിവർ സമ്മേളനത്തിന് നേതൃത്വം നൽകി.

**ഉൾപേജുകളിൽ!!!**

**നിമിഷങ്ങൾ കൊണ്ടുള്ള കുറുംകവിത**–പാസ്റ്റർ എം. സാമുവൽകുട്ടി (പേജ് 2)
**വിശ്വാസിയും വീണ്ടെടുപ്പും**– പാസ്റ്റർ ബിജു തങ്കച്ചൻ (പേജ് 3)
**ക്രൈസ്തവ കുടുംബ ബന്ധങ്ങൾ**– പാസ്റ്റർ ബിനു ജോൺ (പേജ് 4)
**ദൈവവിളിയുടെ പ്രസക്തി** – പാസ്റ്റർ ബിജു ബഞ്ചമിൻ (പേജ് 4)

### നവവർഷ വീക്ഷണം

## മധ്യമാർഗത്തിന്റെ സാധ്യതകൾ

**പ്രത്യേക ലേഖകൻ**

കേരളത്തെ സംബന്ധിച്ചിടത്തോളം സംഭവബഹുലമായ ഒരു വർഷമായിരുന്നു 2011. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ മാറി ശ്രീ. ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിൽ ഐക്യജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിലേറി. രൂപരേഖ തയ്യാറാക്കി 11 വർഷത്തിനു ശേഷവും തറക്കല്ലിട്ടതിന് ഏകദേശം നാലുവർഷത്തിന് ശേഷവും കേരളത്തിന്റെ സ്വപ്ന പദ്ധതിയായ സ്മാർട്ട് സിറ്റിയുടെ നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. ഏതാണ്ട് അഞ്ച് വർഷമായി നിലച്ചിരുന്ന കർഷക ആത്മഹത്യകൾ വീണ്ടും തുടങ്ങി. വർഷത്തിന്റെ അവസാന മാസങ്ങളിലാണ് കേരളത്തിലേയും തമിഴ്നാട്ടിലേയും ജനങ്ങളെ പ്രക്ഷോഭത്തിന്റെ പാതയിലേക്ക് ഇറക്കിവിട്ടുകൊണ്ട് മുല്ലപ്പെരിയാർ പ്രശ്നം രൂക്ഷമായത്. ഈ കുറിപ്പ് എഴുതിക്കൊണ്ടിരിക്കുമ്പോഴും ഈ വിവാദം കെട്ടടങ്ങിയിട്ടില്ല. രണ്ട് സംസ്ഥാനങ്ങളും തങ്ങളുടെ നിലപാടുകളിൽ ഉറച്ചു തന്നെ നിൽക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട ഒടുവിലത്തെ ആക്ഷേപം സുപ്രീം കോടതി നിയോഗിച്ച സി.ഡി. തട്ട, ഡി.കെ. മേഹ്ത്ത എന്നിവരടങ്ങിയ ഉന്നതാധികാര സമതിയുടെ സാങ്കേതിക വിദഗ്ധ സംഘം കേരളത്തിലെ ഉദ്യോഗസംഘത്തെ അവഗണിച്ച് പക്ഷപാതം കാട്ടി പെരുമാറി എന്നതാണ്. ഇക്കാരണത്താൽ കേരളം സംഘത്തെ ബഹിഷ്ക്കരിച്ചു.

തീവ്രമായ ഏകപക്ഷീയമായ അഭിപ്രായങ്ങൾ രണ്ട് സംസ്ഥാനങ്ങളിൽ നിന്നും ഉയരുമ്പോൾ ഒരു ബദൽ സംവിധാനം എന്ന പ്രസ്താവ്യവുമായി ഫോറം ഫോർ പൊളിസി ഡയലോഗ് ഓൺ വാട്ടർ കൊൺഫ്ളിക്റ്റ്സ് ഇൻ ഇന്ത്യ എന്ന വേദി മുന്നോട്ട് വന്നിരിക്കുകയാണ്. പ്രശസ്ത അണക്കെട്ട് വിരുദ്ധ പ്രവർത്തകയായ മേധാപാട്കർ ഈ വേദിയിലെ ഒരംഗമാണ്. എ പ്ളാൻ ഫോർ റിസോൾവിങ്ങ് മുല്ലപെരിയാർ കൊൺഫ്ളിക്റ്റ്സ്(മുല്ലപെരിയാർ തർക്കം പരിഹരിക്കാനൊരു പദ്ധതി) എന്ന പേരിൽ പ്രധാനമന്ത്രി ശ്രീ. മൻമോഹൻ സിങ്ങിന് എഴുതിയ തുറന്ന കത്തിൽ ആണ് ഈ ബദൽ സംവിധാനത്തെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്നത്. മുല്ലപെരിയാർ പദ്ധതി പ്രദേശത്ത് ഉണ്ടായ ഭൂചലനങ്ങളേക്കാൾ തീവ്രമായ പ്രകമ്പനങ്ങൾ അണക്കെട്ട് പ്രശ്നം രാഷ്ടീയവത്കരിച്ചതിനെ തുടർന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഈ നിർദ്ദേശം ഒരു മധ്യമാർഗ്ഗം അവലംബിക്കുവാൻ സഹായകമാകും. നൂറ്റിപതിനഞ്ച് കൊല്ലങ്ങളോളം പഴക്കമുള്ള മുല്ലപെരിയാർ അണക്കെട്ട് കാലത്തിന്റെ ആഘാതങ്ങൾ ഏറ്റുവാങ്ങിയതിന്റെ ലക്ഷണങ്ങൾ പ്രകടിപ്പിക്കുന്നുണ്ട്. അണക്കെട്ടിന്റെ സുരക്ഷയെക്കുറിച്ച് വിദഗ്ധർക്കുള്ളതും ഭിന്നാഭിപ്രായമാണ്. ഡാമിന്റെ സംഭരണശേഷി ഉയർത്തണമെന്ന് തമിഴ്നാട് ആവശ്യപ്പെടുമ്പോൾ നിലവിലുള്ള അണക്കെട്ടിന് 400 മീറ്റർ താഴെ പുതിയൊരു ഡാം പണിയണമെന്നാതാണ് കേരളത്തിന്റെ ആവശ്യം. ആദ്യത്തേത് അണക്കെട്ടിന്റെ സുരക്ഷയെ ബാധിക്കുമെങ്കിൽ രണ്ടാമത്തേത് പരിസ്ഥിതിയെ ആകെ ദുർബലമാക്കുകയും ഭൂചലനസമാനമായ ആഘാതങ്ങൾ നിർമാണകാലത്ത് ഉണ്ടാക്കുകയും വലിയ സാമ്പത്തിക ബാധ്യത വരുത്തിവയ്ക്കുകയും ചെയ്യും. ഈ സാഹചര്യത്തിൽ അണക്കെട്ടിന്റെ സംഭരണശേഷിയുടെ നിരപ്പ് 120 മീറ്റർ ആയി ക്ലിപ്തപ്പെടുത്തി വെള്ളം തമിഴ്നാട്ടിലേക്ക് തിരിച്ചു വിടുന്നതിനെയാണ് ബദൽ സംവിധാനം കൊണ്ട് ഉദ്ദേശിക്കുന്നത്. ഈ നിർദ്ദേശം രണ്ടു സംസ്ഥാനങ്ങളിലേയും സർക്കാരുകളും ജനങ്ങളും സ്വീകരിച്ചാൽ അനവധി പ്രശ്നങ്ങൾ ഒഴിവാക്കാം എന്ന് കരുതപ്പെടുന്നത്.

പലപ്പോഴും തീവ്രമായ നിലപാടുകൾ പ്രശ്നങ്ങളെ രൂക്ഷമാക്കുമ്പോൾ മധ്യവർത്തിയുടെ പ്രസക്തി കൂടുകയാണ്. പലപ്പോഴും പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയാത്തപ്പോൾ ഒരു മധ്യപാത പിൻതുടരുകയാണെങ്കിൽ ഒരു സാദ്ധ്യത തെളിഞ്ഞുവരും. രണ്ട് കക്ഷികൾ തമ്മിൽ രൂക്ഷമായ അഭിപ്രായവ്യത്യാസം ഉണ്ടാകുമ്പോൾ ഒരു മധ്യസ്ഥൻ എല്ലാവർക്കും അഭിമതമായ ഒരു നിർദ്ദേശം മുന്നോട്ട് വയ്ക്കുന്നതോടു കൂടി ഭിന്നത ഇല്ലാതാക്കുവാൻ കഴിയും.

അതുപോലെ തന്നെ, പലവിഷയങ്ങളിലും നാം തീവ്രമായ നിലപാടുകൾ

(ശേഷം മൂന്നാം പേജിൽ)

### വിശ്വാസി 16–ാം വയസിലേക്ക്

*വിശ്വാസി* മാസിക പ്രസിദ്ധീകരണത്തിന്റെ പതിനാറാം വർഷത്തിലേക്ക് പ്രവേശിക്കുകയാണ്. 1997 ജനുവരിയിലാണ് മാസിക പ്രസിദ്ധീകരണം ആരംഭിച്ചത്. ഇന്നും ഇത് ഒരു ശുശ്രൂഷയായി തുടരുവാൻ കഴിയുന്നത് ദൈവമക്കളുടെ പ്രാർത്ഥനകളുടേയും അകമഴിഞ്ഞ സഹായ സഹകരണങ്ങളുടേയും ഫലമായാണെന്ന് ഞങ്ങൾ നന്ദിപൂർവ്വം സ്മരിക്കുന്നു. തുടർന്നും നിങ്ങളുടെ സമ്പൂർണ്ണ പിന്തുണ മാസികയ്ക്ക് ഉണ്ടായിരിക്കുമെന്ന് ഞങ്ങൾ പ്രത്യാശിക്കുകയും വിശ്വസിക്കുകയും ചെയ്യുന്നു. വീണ്ടും നമുക്കൊരുമിച്ച് ദൈവരാജ്യത്തെ വിളംബരം ചെയ്യാം. അതിനെ വിസ്തൃതമാക്കാം. ദൈവം നമ്മെ ഒരുമിച്ചനുഗ്രഹിക്കട്ടെ.

–പത്രാധിപസമിതി

**എല്ലാ വായനക്കാർക്കും വിശ്വാസിയുടെ പുതുവത്സരാശംസകൾ!!!**

പത്രാധിപ ലേഖനം.......

# നിമിഷങ്ങൾ കൊണ്ടുള്ള കുറുങ്കവിത



ഈ നവവർഷ പത്രാധിപ സന്ദേശം ഹൈക്കു കവിതകളാൽ പ്രേരിതമാണ്. ജപ്പാനിൽ ആരംഭിച്ച് ഇന്ന് ലോകമെങ്ങും വ്യാപകമായ ഒരു തരം കാവ്യരചന സമ്പ്രദായം ആണ് ഹൈക്കു. മൂന്നോ നാലോവരികളിൽ ഒരു സംഭവം അനുവാചകർക്ക് ആസ്വാദിക്കാനാവുന്ന തരത്തിൽ വിവരിക്കുന്നതിനെയാണ് ഹൈക്കു എന്ന് വിളിക്കുന്നത്. *ഭാഷാപോഷിണി* ഒക്ടോബർ 2011 ലക്കത്തിൽ ഹൈക്കു എന്ന കാവ്യരചന സംബന്ധമായി ചെറിയാൻ കെ. ചെറിയാൻ എഴുതിയ 'ആഹാ നിമിഷം'എന്ന ലേഖനത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു. "സാധാരണയിൽ കവിഞ്ഞ ഏതോ ഒരു സത്യത്തിലേക്കുള്ള നൈമിഷികമായ ഉൾക്കാഴ്ച, അനുഭവത്തിന്റെ അന്തസത്തയിലേക്ക് ഒരെത്തിനോട്ടം. നിനച്ചിരിക്കാതെ അതു നാം ആസ്വദിക്കുന്നു; നൊടിയിട മാത്രമായ ഈ അനുഭൂതി സന്ദർഭത്തെ 'ആഹാ നിമിഷം' എന്നാണ് ജപ്പാൻകാർ വിളിക്കുന്നത്. ഹൈക്കു രചനക്കാരുടെ ഉദ്ദേശ്യം ഇങ്ങനെയൊരു നിമിഷത്തെ പിടിച്ചടുക്കുക എന്നതു തന്നെ".

ഒരു നിമിഷത്തെ പിടിച്ചെടുക്കുക എന്നത് ജീവിതത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രസക്തമാണ്. ഒന്ന് ചിന്തിച്ച് നോക്കിയാൽ ക്ഷണഭംഗുരമല്ലേ നമ്മുടെ ജീവിതം. അത്തരം ജീവിതത്തിൽ ഒരു നിമിഷത്തിന് വലിയ പ്രാധാന്യം ഉണ്ട്. ഞൊടിയിടയിൽ കൊഴിഞ്ഞുപൊയ്ക്കൊണ്ടിരിക്കുന്ന നിമിഷങ്ങളാൽ നിർമ്മിതമാണല്ലോ കാലം. നാമെല്ലാം കാലത്തിലെ സഞ്ചാരികളാണ്. സഞ്ചാരികളായ നാം ഓരോ നാഴികക്കല്ലും പിന്നിടുമ്പോൾ എന്തു നേടി എന്ന് അവലോകനം ചെയ്യുന്നത് പ്രയോജനപ്രദമായിരിക്കും. ഹൈക്കുവിന്റെ ആദ്യകാല പ്രചാരകനായിരുന്ന മത്സുബാഷോ (1644–1694) ഒരു സഞ്ചാരി ആയിരുന്നു. വിവിധ സ്ഥലങ്ങളിലൂടെ സഞ്ചരിക്കുമ്പോൾ തന്നെ താൻ കാലത്തിൽക്കൂടെയും സഞ്ചരിക്കുകയാണെന്ന ബോധം അദ്ദേഹത്തിന് ഉണ്ടായിരുന്നു. അദ്ദേഹം 1685ൽ എഴുതിയ ഒരു ഹൈക്കുവിന്റെ മലയാള പരിഭാഷ ഇങ്ങനെ പോകുന്നു;

"ഒരു വർഷം കൂടി മറഞ്ഞുപോയി
സഞ്ചാരിതൊപ്പി എന്റെ തലമേലായി
വൈക്കോൽ മെതിയടികൾ പാദങ്ങളിലുമായി"

സഞ്ചാരി ഒന്നും ശേഖരിക്കാതെ സഞ്ചാര സൗകര്യത്തിന് ഉതകുന്ന തൊപ്പിയും മെതിയടികളും ധരിച്ച് യാത്ര ചെയ്യുന്നു എന്ന് നമുക്ക് വ്യാഖ്യാനിക്കാം.(വിശദീകരണം അനുവാചകന്റെ ധർമ്മമാണ്; കവിതയുടേതല്ല എന്ന് ചെറിയാൻ കെ. ചെറിയാൻ ലേഖനത്തിൽ വെളിപ്പെടുത്തുന്നു)

തിരികെ വരാതെവണ്ണം ഒഴുകുന്ന നിമിഷങ്ങളിലൂടെ നാമും മുന്നോട്ടു പോകുന്നു. ജീവിതയാത്രയുടെ പരിസമാപ്തിയിലേക്ക് നീങ്ങുമ്പോൾ നമ്മുടെ ജീവിതം അർത്ഥവത്തായി മാറ്റണമെങ്കിൽ ഒരോ നിമിഷത്തിന്റേയും പ്രസക്തി തിരിച്ചറിഞ്ഞ് പ്രവർത്തിക്കണം. ഒരോ നിമിഷത്തിന്റെയും പ്രസക്തിയെക്കുറിച്ച് ഹൈക്കുവുമായി ബന്ധപ്പെടുത്തി ചെറിയാൻ കെ. ചെറിയാൻ പറയുന്നതിലേക്ക് വീണ്ടും നമുക്ക് ശ്രദ്ധ തിരിക്കാം: "അനുഭവത്തിന്റെ ഒരു നിമിഷം മാത്രം ഹൈക്കുവിലെ പ്രതിപാദ്യം. ഭൂതഭാവികാലങ്ങൾക്കിടയിൽ ഒതുങ്ങുന്നതെങ്കിലും സ്വതന്ത്രമായിത്തന്നെ ആവിർഭവിച്ചതാണ് നിമിഷം. അനാദിഭൂതകാലം; ഭാവിഅനന്തം; വർത്തമാനവും അതുപോലെ ബൃഹത്തെന്നാവാം മനസിലിരിപ്പ്. അല്ല, ഒരു നിമിഷത്തിന്റേതു മാത്രമാണ് വർത്തമാനം.

"ഇന്നലെയും നാളെയുമിന്നും കൊ-
ണ്ടല്ലൽ ചമച്ചൊരു നീഢം;
ഞാനതിലാബന്ധിതനായ് കേഴും
കേവലദീന പതംഗം"

ഇന്നിൽ മുഴുകി നിൽക്കുന്ന എനിക്ക് - നമുക്ക്- ഇന്നാണ് വർത്തമാനം. യുക്തിസഹമല്ല ഈ സങ്കൽപ്പനം. കാരണം: പരശ്ശതം നിമിഷങ്ങളടങ്ങുന്ന ഇന്നിലെ ഒരോ നിമിഷവുമാണ് വർത്തമാനം. നിമിഷങ്ങളിലൂടെ നാം കടന്നുപൊയ്ക്കൊണ്ടിയിരിക്കുന്നു. അവയിൽ കടന്നുപോയവ ഭൂതകാലത്തിലും വരാനുള്ള ഭാവിയിലും ചേർന്നതാണ്. ഇവയ്ക്കിടയിലെ ഒരൊറ്റ നിമിഷം മാത്രം വർത്തമാനം".

ഭൂതകാലത്തിൽ നിന്ന് പഠിച്ച പാഠങ്ങൾ ഉൾക്കൊണ്ട് ഭാവി ശോഭനമാക്കണമെങ്കിൽ വർത്തമാനത്തിൽ നാം ഉണർന്ന് പ്രവർത്തിക്കണം. അപ്പോൾ, ഒരോ നിമിഷവും കൊഴിയുമ്പോൾ അത്ഭുതമായി മാറിക്കഴിഞ്ഞു. വർത്തമാനകാലമായ ഒരു നിമിഷത്തിന്റെ അടുത്ത നിമിഷം ഭാവിയാണ്. വർത്തമാന നിമിഷം കഴിയുമ്പോഴേക്കും ഭാവിയിലെ നിമിഷം വർത്തമാനമാകുന്നു. കണ്ണിമെയ്ക്കുന്നതിനിടയിൽ അത് നമ്മുടെ ഗതകാലമാകും. സമയചക്രത്തിന്റെ വേഗം അമ്പരിപ്പിക്കുന്നതാണ്. നാം അതിന്റെ വേഗത്തിന് അനുസരിച്ച് ജീവിതം ക്രമീകരിക്കുന്നില്ലെങ്കിൽ, അത് നമ്മെ കാത്ത് നിശ്ചലമാകുകയില്ല. നമ്മുടെ നിശ്ചലത സമയത്തെ ബാധിക്കുന്നില്ല; മറിച്ച് സമയത്തിന്റെ ചലനാത്മകത നമ്മെ ബാധിക്കുന്നു. അതുകൊണ്ട് നമ്മുടെ ജീവിതവും ചലനാത്മകമായിരിക്കേണം. കാലമനുസരിച്ച് പ്രായത്തിൽ മുതിർന്ന് ജീവിതാന്ത്യത്തിലേക്ക് നീങ്ങുന്നതിനെയല്ല ഇവിടെ ചലനാത്മകത കൊണ്ട് അർത്ഥമാക്കുന്നത്. അത് ഒരു സ്വാഭാവിക പ്രക്രിയയാണ്. ജീവിതം ഉപകാരപ്രദമാകുന്ന കാര്യം ആണ് ഇവിടെ വിവരിക്കുന്നത്.

മനുഷ്യന്റെ സംവത്സരങ്ങളുടെ നിസ്സാരത വേദപുസ്തകത്തിൽ ഇങ്ങനെ പറയുന്നു. "ആയിരം സംവത്സരം നിന്റെ ദൃഷ്ടിയിൽ ഇന്നലെ കഴിഞ്ഞുപോയ ദിവസം പോലെയും രാത്രിയിലെ ഒരു യാമം പോലെയും മാത്രം ഇരിക്കുന്നു"(സങ്കീർത്തനം 90:4). നമ്മുടെ പ്രയാണകാലത്തിന്റെ പരിധി ആണ് 90-ാം സങ്കീർത്തനത്തിന്റെ പ്രമേയം. മോശെ വീണ്ടും പ്രാർത്ഥിക്കുന്നു, "ഞങ്ങൾ ജ്ഞാനമുള്ളോരു ഹൃദയം പ്രാപിക്കത്തക്കവണ്ണം ഞങ്ങളുടെ നാളുകളെ എണ്ണുവാൻ ഞങ്ങളെ ഉപദേശിക്കേണമേ"(വാക്യം 4). പത്രൊസ് ശ്ളീഹ ഇതേ സത്യമാണ് ആവർത്തിക്കുന്നത്; "എന്നാൽ, പ്രിയമുള്ളവരേ, കർത്താവിന് ഒരു ദിവസം ആയിരം സംവത്സരം പോലെയും ആയിരം സംവത്സരം ഒരു ദിവസം പോലെയും ഇരിക്കുന്നു എന്ന് നിങ്ങൾ മറക്കരുത് "(2 പത്രൊസ് 3:8).

ജീവിതയാത്ര അർത്ഥസമ്പൂർണമാകണമെങ്കിൽ അർത്ഥം സമ്പാദിച്ചേ തീരു എന്ന ചിന്താഗതിക്കാരാണ് ഭൂരിപക്ഷവും ജനങ്ങൾ. എന്നാൽ, ധനസമ്പാദനം കൊണ്ട് ജീവിതം ധന്യമാകുന്നില്ല. ലോകത്തിലെ സമ്പത്തും പ്രശസ്തിയുമെല്ലാം താൽക്കാലികമാണ്. ഈ ലോകം തന്നെ നിത്യമല്ലല്ലോ. ഹൈക്കുകവിതയുടെ മട്ടിൽ ഈ വർഷത്തെ നോബൽ സമ്മാന ജേതാവായ സ്വീഡിഷ് കവി ടൊമാസ് ട്രാൻസ്ട്രോമർ എഴുതിയ ഒരു ചെറുകവിതയുടെ മലയാളം പരിഭാഷയാണിത്(ഭാഷാപോഷിണി 2011 നവംബർ ലക്കം, പത്ത് കുറുങ്കവിതകൾ, പരിഭാഷകൻ: വേണു മരുതായി)

"കാൽ-
ക്കീഴെയൊന്നുമി-
ല്ലൊന്നുമില്ല
ങ്ങാ,
മഹീതലത്തിനാദിയും
അന്തവും മാത്രം"

ഈ കുറുങ്കവിതയെ ഇങ്ങനെ വ്യാഖ്യാനിക്കാം. ഒരു പഥികൻ കാൽക്കീഴിലാക്കി അഹങ്കരിക്കുവാൻ ഒന്നുമില്ല. ആദിയും അന്തവുമുള്ള ഈ ഭൂമി മാത്രമാണ് ചവുട്ടി നടക്കാനുള്ളത്. ഭൂമിയുടെ ഒരറ്റംതൊട്ട് മറ്റൊരറ്റം വരെ യാത്ര ചെയ്താലും വെട്ടിപിടിക്കുവാനൊന്നുമില്ല. അതേ സഹോദരങ്ങളേ, ഈ ലോകത്തിൽ വസ്തുവകകളും പദവികളും പ്രശംസാപത്രങ്ങളും സ്വന്തമാക്കി ഇവിടെ സ്ഥിരതാമസമാക്കാം എന്ന് ആരും വ്യാമോഹിക്കേണ്ട. ഇവിടെ ഏവരും അന്യരും പരദേശികളും. നിത്യമായ ഒരു വാസസ്ഥാനത്ത് എത്തുന്നതിനായിരിക്കണം ഒരോ നിമിഷവും നാം പരിശ്രമിക്കേണ്ടത്. ലൗകിക സന്തോഷത്തിന്റെ നൈമഷികത തിരിച്ചറിഞ്ഞ് നിലനിൽക്കുന്ന സമാധാനത്തിന്റെ അവകാശികളാകാൻ നമുക്ക് കഴിയുന്നത് ഭാഗ്യകരമായ അവസ്ഥയാണ്.

ഒരു ഹൈക്കു കവിത എഴുതാനുള്ള ശ്രമത്തോടുകൂടി ഈ സന്ദേശം ഞാൻ ഉപസംഹരിക്കട്ടെ.

"സമയചക്രം തിരിയുന്നു
ഭാവിയിലേക്ക് ഉരുളുന്നു
വർത്തമാനത്തെ ഭൂതമാക്കുന്നു"

വർത്തമാനത്തിലെ ഈ നിമിഷമാണ് നമുക്ക് സ്വന്തം. അത് ക്രിയാത്മകമായി വിനിയോഗിച്ച് നിത്യമായ സുരക്ഷ ഉറപ്പാക്കാം.

*- പാസ്റ്റർ എം. സാമുവൽകുട്ടി*

# വിശ്വാസിയും വീണ്ടെടുപ്പും

(മൂന്നാം പേജിൽ നിന്ന് തുടർച്ച)

ന്നത് വചന വിരുദ്ധമാണ്. വിലയേറിയ രക്തത്താൽ വീണ്ടെടുപ്പ് സാധിച്ചതുകൊണ്ട് നമ്മുടെ വീണ്ടെടുപ്പ് വിലയേറിയതാണ്. അതുപോലെ വീണ്ടെടുക്കപ്പെട്ടവരും വിലയേറിയവരാണ്.

**വീണ്ടെടുപ്പിന്റെ നേട്ടം**

യേശുക്രിസ്തുവിന്റെ പരിശുദ്ധ രക്തത്താൽ നമ്മെ വീണ്ടെടുത്തതിലൂടെ പാപത്തിന്റെ ശക്തിയിൽ നിന്നും ശിക്ഷയിൽ നിന്നും ശാപത്തിൽ നിന്നും നാം മുക്തരായി. H.S. Millar വീണ്ടെടുപ്പിന്റെ വ്യാപ്തിയെക്കുറിച്ച് തന്റെ പുസ്തകമായ Christian Manuelൽ വിശദമായി വ്യക്തമാക്കിയിരിക്കുന്നു. മനുഷ്യന് ദൈവം നൽകിയ ഏറ്റവും വലിയ ദാനമാണ് ക്രൂശിലൂടെയുള്ള വീണ്ടെടുപ്പ്. അകൃത്യത്തിൽ നിന്നും (സങ്കീർത്തനം 130:8) അധർമ്മത്തിൽ നിന്നും (തീത്തൊസ് 2:14) ന്യായപ്രമാണത്തിന്റെ ശാപത്തിൽ നിന്നും (ഗലാത്യർ 3:13) ന്യായപ്രമാണത്തിന്റെ ബന്ധനത്തിൽ നിന്നും(ഗലാത്യർ 4:5) പാപത്തിന്റെ ശക്തിയിൽ നിന്നും (റോമർ6:18,22) വ്യർത്ഥമായ ജീവിതത്തിൽ നിന്നും (1 പത്രൊസ് 1:18) അടിമത്വത്തിൽ നിന്നും (പുറപ്പാട് 6:6) സകലദോഷങ്ങളിൽ നിന്നും (ഉല്പത്തി 48:16) സകലകഷ്ടങ്ങളിൽ നിന്നും (സങ്കീർത്തനം 25:22) സകല ആപത്തിൽ നിന്നും (2ശമുവേൽ 4:9) പീഢയിൽനിന്നും സാഹസത്തിൽ നിന്നും (സങ്കീർത്തനം (72:14) നാശത്തിൽ നിന്നും (സങ്കീർത്തനം 103:4) മരണത്തിൽ നിന്നും (ഇയ്യോബ് 5:20) പാതാളത്തിന്റെ അധികാരത്തിൽ നിന്നും (സങ്കീർത്തനം 49:15) ശത്രുവിന്റെ കരത്തിൽ നിന്നും (സങ്കീർത്തനം 106:10) അവൻ നമ്മെ വീണ്ടെടുക്കുന്നു. വീണ്ടെടുപ്പിന്റെ വ്യാപ്തി വളരെ വലുതാണ്. അത് ജീവിതത്തിന്റെ സമസ്ത മേഖലകളിലും അനുഭവമാക്കേണ്ടതുമാണ്. വീണ്ടെടുപ്പിന്റെ നേട്ടങ്ങളെല്ലാം വീണ്ടെടുക്കപ്പെട്ടവർ അനുഭവിക്കേണം.

**വീണ്ടെടുപ്പിന്റെ ഉദ്ദേശ്യം**

ദൈവം ചെയ്യുന്ന സകല കാര്യങ്ങളിലും വ്യക്തവും സ്പഷ്ടവുമായ ഉദ്ദേശ്യം ദൈവത്തിനുണ്ട്. സ്വന്തപുത്രനെ ഭൂമിയിലേക്ക് അയച്ച് ക്രൂശുമരണത്തിലൂടെ മാനവകുലത്തെ വീണ്ടെടുക്കുക എന്ന ബൃഹത്ത്പദ്ധതിയുടെ പിന്നിൽ ദൈവത്തിനുള്ള ഉദ്ദേശ്യത്തെ തിരിച്ചറിയുകയും ജീവിതത്തിലൂടെ അതിനോട് ക്രിയാത്മകമായി പ്രതികരിക്കുകയും ചെയ്യുമ്പോഴാണ് വീണ്ടെടുക്കപ്പെട്ടവരുടെ ജീവിതം അർത്ഥസമ്പുഷ്ടമാകുന്നത്. അപ്പോഴാണ് വില നൽകിയവൻ തന്റെ പ്രയത്ന ഫലം കണ്ട് തൃപ്തി പ്രാപിക്കുന്നത്.

സൽപ്രവൃത്തികളിൽ ശുഷ്കാന്തിയുള്ളവരായിരിപ്പാനാണ് അവൻ നമ്മെ വീണ്ടെടുത്തിരിക്കുന്നത് എന്ന് പൗലൊസ് അപ്പോസ്തലൻ പറഞ്ഞിരിക്കുമ്പോൾ (തീത്തൊസ് 2:14) വീണ്ടെടുക്കപ്പെട്ടവരുടെ തുടർ ജീവിതം സൽപ്രവർത്തികൾക്കായി അർപ്പിക്കപ്പെടേണ്ടതാണ് എന്ന് വ്യക്തം. നന്മയാൽ തിന്മയെ ജയിക്കണം എന്നും പറഞ്ഞിരിക്കുന്നത് ശ്രദ്ധേയമാണ്. വീണ്ടെടുക്കപ്പെട്ട വിശ്വാസികൾ തങ്ങളുടെ സൽപ്രവൃത്തികളിലൂടെ അത് വ്യക്തമാക്കണം. ഫലത്തിൽ വൃക്ഷത്തെ തിരിച്ചറിയുന്നതുപോലെ വീണ്ടെടുക്കപ്പെട്ടവരും അല്ലാത്തവരും തമ്മിലുള്ള വ്യത്യാസം പ്രവൃത്തിയിലൂടെ പ്രകടമാക്കണം. ദൈവമക്കൾ സൽപ്രവർത്തിയിൽ ശുഷ്കാന്തിയുള്ളവർ ആകണം.

നമ്മെ വിലയ്ക്ക് വാങ്ങിയിരിക്കയാൽ നാം താന്താങ്ങൾക്കുള്ളവരല്ല എന്ന് തിരിച്ചറികയും നമ്മുടെ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്യണമെന്ന് വില നൽകിയവൻ ആഗ്രഹിക്കുന്നു(1 കൊരിന്ത്യർ 6:19,20). നമ്മുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദമുള്ള യാഗമായി അർപ്പിക്കയും (റോമർ 12:1) വാക്കിനാലും ക്രിയയാലും എന്തു ചെയ്താലും ദൈവനാമത്തിന്റെ മഹത്വത്തിനായി ചെയ്തുകൊണ്ട്(കൊലൊസ്യർ 3:17) വീണ്ടെടുപ്പിന്റെ ഉദ്ദേശ്യം പൂർത്തീകരിക്കണം. കാരണം നമ്മുടെ വീണ്ടെടുപ്പ് വിലയേറിയതാണ്. ❖

## വരിസംഖ്യ


വരിസംഖ്യ നിരക്ക്
ഒരു വർഷത്തേക്ക്

| | |
|---|---|
| ഇന്ത്യയിൽ | :36 രൂപ |
| ഗൾഫ് | :300 രൂപ |
| യു.എസ്. | :10 $ |
| കാനഡ | :10 $ |


## ക്ഷണിക്കുന്നു

*വിശ്വാസി*യിൽ പ്രസിദ്ധീകരിക്കുന്നതിന് ലേഖനങ്ങൾ, കവിതകൾ, വാർത്തകൾ, ഭാവനകൾ,ചെറുകഥകൾ എന്നിവ ക്ഷണിച്ചുകൊളളുന്നു.

*-പത്രാധിപർ*


## എഡിറ്റോറിയൽ ബോർഡ്

**ചീഫ് എഡിറ്റർ**
പാസ്റ്റർ എം. സാമുവൽകുട്ടി

**അസ്സോസിയേറ്റ് എഡിറ്റേഴ്സ്**
തോമസ് ഡാനിയേൽ
പാസ്റ്റർ ബിജു ബഞ്ചമിൻ
ജോൺ ടി. വർഗ്ഗീസ്
ഷിബു തമ്പി

**പ്രൊഡക്ഷൻ & സർക്കുലേഷൻ മാനേജർ**
ചെറിയാൻ ഡാനിയേൽ


ടൈപ്പ് സെറ്റിങ്ങ് : *വിശ്വാസി* ഗ്രാഫിക്സ്, ഡൽഹി

വിശ്വാസി അറിഞ്ഞിരിക്കേണ്ടവ

# വിശ്വാസിയും വീണ്ടെടുപ്പും

*വിശ്വാസി* 16-ാം വർഷത്തിലേക്ക് പ്രവേശിക്കുന്ന ഈ മാസത്തിൽ പുതിയ ഒരു പംക്തി കൂടി ആരംഭിക്കുന്നു. ഒരു വിശ്വാസിയുടെ ജീവിതത്തിൽ ഉണ്ടായിരിക്കേണ്ട സ്വഭാവ സവിശേഷതകളെ കുറിച്ചാണ് ഈ പംക്തി വിവരിക്കുന്നത്. സഭാശുശ്രൂഷകൻ, എഴുത്തുകാരൻ, വേദാധ്യാപകൻ, സംഘാടകൻ എന്നീ നിലകളിൽ മികവ് പ്രകടിപ്പിക്കുന്ന **പാസ്റ്റർ ബിജു തങ്കച്ചൻ (മുംബൈ)** ആണ് ഈ പംക്തി തയ്യാറാക്കുന്നത്. ഇപ്പോൾ ചർച്ച് ഓഫ് ഗോഡ് റൈറ്റേഴ്സ് ഫെല്ലോഷിപ്പ് സെക്രട്ടറിയും ചർച്ച് ഓഫ് ഗോഡ് കല്യാൺ സഭാശുശ്രൂഷകനുമാണ് ഇദ്ദേഹം.



**പാസ്റ്റർ ബിജു തങ്കച്ചൻ**
**മുംബൈ**

വേദപുസ്തകത്തിലെ പ്രധാന വിഷയങ്ങളിൽ ഒന്നാണ് വീണ്ടെടുപ്പ്. ഏകദേശം 354 പ്രാവശ്യം വീണ്ടെടുപ്പ് എന്ന പദം വിശുദ്ധ ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്നു. പാപിയായ മനുഷ്യനെ ഉദ്ധരിക്കുവാൻ കാൽവറി ക്രൂശിൽ നടന്ന രക്ഷണ്യപ്രവൃത്തി വീണ്ടെടുപ്പ് എന്ന വാക്കിൽ വ്യക്തമാകുന്നു. അന്ധകാരത്തിൽ നിന്നും അത്ഭുത പ്രകാശത്തിലേക്ക് വിളിക്കപ്പെട്ട വിശ്വാസി വീണ്ടെടുപ്പിന്റെ അർത്ഥവ്യാപ്തി അറിഞ്ഞിരിക്കേണ്ടത് അത്യാവശ്യമാണ്.

**വീണ്ടെടുപ്പിന്റെ ആവശ്യകത**

Redeem എന്ന ആംഗലേയ പദത്തിന് തിരികെ വാങ്ങുക(Buy Back) എന്നാണ് അർത്ഥം. ഏക മനുഷ്യനാൽ പാപവും പാപത്താൽ മരണവും ലോകത്തിൽ കടന്നു( റോമർ 5:12). ആദാമിന്റെ അനുസരണക്കേട് പാപം ലോകത്തിൽ പ്രവേശിപ്പാൻ ഹേതുവായി. മനുഷ്യൻ പാപത്തിന് ദാസനായി വിൽക്കപ്പെട്ടു (റോമർ 7:14). ഈ ദാസ്യത്വത്തിൽ നിന്നും മനുഷ്യന് ഒരു വീണ്ടെടുപ്പ് അനിവാര്യമായി തീർന്നു. ആത്മീയ സ്വാതന്ത്ര്യത്തിനും ആത്മീയ മുന്നേറ്റത്തിനും ദൈവരാജ്യപ്രവേശനത്തിനും ഒരുവൻ വീണ്ടെടുപ്പ് പ്രാപിക്കേണ്ടത് അത്യാവശ്യമായി. യിസ്രായേലിൽ ഒരുവൻ ദരിദ്രനായി തീർന്നിട്ട് അവനെ മറ്റൊരുവന് വിറ്റാൽ അടുത്ത ചാർച്ചക്കാരന് (Goel) വില കൊടുത്ത് വാങ്ങാമായിരുന്നു (ലേവ്യ 25: 47-49). അതുപോലെ യിസ്രായേലിൽ ഒരുവന്റെ അവകാശം നഷ്ടപ്പെട്ടുപോയാൽ അത് തിരികെ എടുക്കുവാൻ വ്യവസ്ഥ ഉണ്ടായിരുന്നു. വിൽക്കപ്പെടുമ്പോൾ തന്നെ വീണ്ടെടുപ്പിന് ഒരു വാതിൽ തുറന്നു വച്ചിരിക്കുന്ന അവസ്ഥ. വീണ്ടെടുപ്പിനെ കുറിച്ച് പറയുവാൻ ഉപയോഗിച്ചിരിക്കുന്ന മൂന്ന് ഗ്രീക്ക് പദങ്ങളാണ് എക്സാഗറസോ ( Exagorazo) ലൂത്രോ (Lutroo) അഗോറസോ (Agorazo) എന്നിവ. ഈ വാക്കുകൾ വ്യക്തമാക്കുന്നത് വില കൊടുത്ത് സ്വതന്ത്രമാക്കുക എന്ന സത്യമാണ്. അടിമചന്തയിൽ വില്പനയ്ക്കായി നിർത്തിയിരിക്കുന്ന അടിമയെ വിലകൊടുത്ത് വാങ്ങിക്കുന്ന യജമാനൻമാർ സാധാരണയായിരുന്ന കാലം. ഇവിടെ അടിമ അടിമയായി തുടരുന്നു. യജമാനൻ മാറുന്നു എന്ന വ്യത്യാസം മാത്രം. ഇത് സാധാരണ അടിമ ചന്തയിൽ നടക്കുന്ന കച്ചവടം. എന്നാൽ ബൈബിൾ വിവക്ഷിക്കുന്ന വീണ്ടെടുപ്പ് എന്നത് അടിമയെ വിലകൊടുത്ത് വാങ്ങി അടിമയായി കൊണ്ടുപോകുന്നതല്ല മറിച്ച് വിലകൊടുത്ത് വാങ്ങി സ്വതന്ത്രനാക്കി തീർക്കുന്ന അവസ്ഥ. ലഭ്യമാകാമായിരുന്ന ശിക്ഷാവിധിയിൽ നിന്നും ഒഴിവാക്കി ക്രിസ്തുയേശുവിൽ സ്വാതന്ത്ര്യം വരുത്തിയിരിക്കുന്നു (റോമർ 8:1,2). ആകയാൽ ആദാമ്യകുലത്തിൽ പിറന്ന സകലർക്കും ഒരു വീണ്ടെടുപ്പ് അനിവാര്യമാണ്. പാപത്തിൽ നിന്നും ശാപത്തിൽ നിന്നും ശിക്ഷാവിധിയിൽ നിന്നും നാം വീണ്ടെടുപ്പ് പ്രാപിക്കണം. ക്രിസ്തുയേശുവിലൂടെയുള്ള സ്വാതന്ത്ര്യം അനുഭവിക്കണം. സ്വാതന്ത്ര്യത്തിനായി ക്രിസ്തു എന്നെ സ്വതന്ത്രനാക്കി എന്ന് ഏറ്റു പറയുവാൻ കഴിയണം. പാപത്തിന്റെ ദാസനായിരിക്കുന്നവന് ദൈവത്തിന്റെ ദാസനായിരിപ്പാൻ കഴിയില്ല. ഇത് വീണ്ടെടുപ്പിന്റെ ആവശ്യകത വെളിപ്പെടുത്തുന്നു.

**വീണ്ടെടുപ്പിന് നൽകിയ വില**

ഒരു മനുഷ്യന് മറ്റൊരു മനുഷ്യനെ വീണ്ടെടുക്കാനോ അവനു വേണ്ടി വില നൽകുവാനോ സാധ്യമല്ല. കാരണം മനുഷ്യന്റെ വീണ്ടെടുപ്പ് വിലയേറിയതാണ് (സങ്കീ. 49:8). ആദാമ്യകുലം പാപത്തിന് അടിമകളായി വിൽക്കപ്പെട്ടവരും മരണത്തിനായി വിധിക്കപ്പെട്ടവരും ആണ്. വെള്ളിയോ, പൊന്നോ, പക്ഷിമൃഗാദികളുടെ രക്തമോ മനുഷ്യന്റെ വീണ്ടെടുപ്പ് വിലയായി നൽകുവാൻ പര്യാപ്തമായിരുന്നില്ല. കാരണം, ഇവയ്ക്കെല്ലാം നിശ്ചയിക്കപ്പെട്ട വിലയുണ്ട്. സർവ്വലോകത്തേക്കാളും വിലയേറിയ മനുഷ്യന്റെ ആത്മാവിനെ വീണ്ടെടുക്കാൻ പാപരഹിതനായ യേശുക്രിസ്തുവിന്റെ രക്തത്തിനു മാത്രമേ സാധിച്ചുള്ളു. അവൻ ഊനമില്ലാത്ത കു ഞ്ഞാടായിരുന്നു. തന്നെ പിന്തുടർന്ന ജനതിയോട് അവൻ വിളിച്ചുചോദിച്ചു, "നിങ്ങളിൽ ആർ എന്റെ പാപത്തെകുറിച്ച് ബോധം വരുത്തും"? തന്റെ സമകാലികരിൽ ആർക്കും, തന്റെ കുറ്റം കണ്ടുപിടിക്കുവാൻ പിൻ തുടർന്ന പരീശൻമാർക്കും പോലും തന്റെ പാപത്തെകുറിച്ച് ബോധം വരുത്തുവാൻ സാധിച്ചില്ല. യേശുക്രിസ്തുവിന്റെ രക്തത്താൽ നമുക്ക് അതിക്രമങ്ങളുടെ മോചനമെന്ന വീണ്ടെടുപ്പ് ലഭിച്ചു(എഫെസ്യർ1:7). ക്രിസ്തുവിന്റെ രക്തം കൊണ്ട് സർവ്വഗോത്രത്തിലും ഭാഷയിലും വംശത്തിലും ജാതിയിലും നിന്നുള്ളവരെ വിലയ്ക്കുവാങ്ങി (വെളിപ്പാട് 5:9). ക്രിസ്തുവിന്റെ രക്തത്തിൽ വിശ്വസിക്കുന്നതിലൂടെ അല്ലാതെ ഏതെങ്കിലും കർമ്മമാർഗ്ഗത്തിലൂടെയോ ദാനധർമ്മങ്ങളിലൂടെയോ മതാനുഷ്ഠാനങ്ങളിലൂടെയോ മനുഷ്യന് വീണ്ടെടുപ്പ് ലഭിക്കുമെന്ന് പഠിപ്പിക്കു

(ശേഷം രണ്ടാം പേജിൽ)

## നവവർഷ വീക്ഷണം...

(ഒന്നാം പേജിൽ നിന്ന് തുടർച്ച)

പുലർത്തി കാര്യങ്ങൾ സങ്കീർണമാക്കാറുണ്ട്. ഒരു വിഷയത്തിൽ ഒരാൾ Middle Ground അല്ലെങ്കിൽ Middle of the Road ആണെന്നുള്ള പ്രയോഗം ഇംഗ്ളീഷിൽ നിലവിലുണ്ട്. അതിന്റെ അർത്ഥം ആ വിഷയത്തിൽ തീവ്രമായ നിലപാടുകൾ എടുക്കാതെ ഒരു മധ്യമാർഗം ആണ് അയാൾ എടുക്കുന്നത് എന്നു സാരം. തീവ്രമായ നിലപാടുകൾ എടുക്കുന്നവർ പിന്നീട് അവയിൽ അയവു വരുത്തുന്നത് സാധാരണയാണ്. പെന്തക്കൊസ്ത് ലോകവും ഇതിന് അപവാദമല്ല. തീവ്രമായ നിലപാടുകൾ എടുക്കുന്നവർ ആ നിലപാടുകളിൽ മലക്കം മറിയുന്ന കാഴ്ചകൾ അപൂർവ്വമല്ല. അതുപോലെ തന്നെ നമ്മുടെ പൂർവ്വികർ എടുത്ത കടുത്ത നിലപാടുകൾക്ക് നമ്മുടെ തലമുറയിൽ അയവ് വന്നു. അവ പേരെടുത്തു പരാമർശിച്ച് വിവാദം സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നില്ല.

തീവ്രമായ നിലപാടുകൾ എടുക്കേണ്ട വിഷയങ്ങൾ ഉണ്ട് താനും. അടിസ്ഥാന വിശ്വാസം, ഉപദേശങ്ങൾ, നൈതികത, ദുർബലർക്ക് നീതി, ജീവകാരുണ്യം തുടങ്ങിയ വിഷയങ്ങളിൽ നാം തീക്ഷണത പുലർത്തി ഉത്സുകത കാട്ടണം. എന്നാൽ, മിതത്വം ആവശ്യമായ വിഷയങ്ങളിൽ മധ്യമാർഗം സ്വീകരിക്കുക തന്നെ ചെയ്യണം. അങ്ങനെയെങ്കിൽ, നമുക്കും നമ്മുടെ ചുറ്റുമുള്ളവർക്കും അനാവശ്യമായ ബുദ്ധിമുട്ടുകൾ ഉണ്ടാകുകയില്ല; പറയുന്നത് വിഴുങ്ങി ലജ്ജിതരാകുന്ന സാഹചര്യങ്ങൾ ഒഴിവാക്കുകയും ചെയ്യാം. ഈ പുതുവർഷത്തിൽ അനാവശ്യമായ തീവ്രനിലപാടുകൾ സ്വീകരിക്കാതിരിക്കാൻ ശ്രമിക്കാം. സ്വർഗ്ഗീയ സമാധാനം ആയിരിക്കട്ടെ നമ്മുടെ ചിന്തകളുടേയും വാക്കുകളുടേയും പ്രവൃത്തികളുടേയും പരിണത ഫലം. ❖

## വിവാഹിതരായി

അടൂർ: ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് അദ്ധ്യപകനും തെങ്ങമം പ്ളാംതുണ്ടിൽ ശ്രീ. എ. ലാസന്റെയും പരേതയായ ലില്ലി ലാസറിന്റെയും മകൻ സുമേഷ് പി. ലാസർ വിവാഹിതനായി.

കോട്ടയം പരിയാരം തെക്കേക്കാലായിൽ പാസ്റ്റർ കെ. എം. ജോൺ, ശ്രീമതി ലുദിയ എന്നിവരുടെ മകൾ മെറിൻ ജോൺ ആണ് വധു. 2011 ഡിസംബർ 22ന് തെങ്ങമം ഫെയ്ത്ത് ഫെല്ലോഷിപ്പ് ചർച്ചിന്റെ ആഭിമുഖ്യത്തിൽ പഴകുളം മംഗല്യാ ആഡിറ്റോറിയത്തിൽ വച്ച് സഭാപ്രസിഡന്റ് പാസ്റ്റർ എം. സാമുവൽകുട്ടിയുടെ കാർമികത്വത്തിൽ വിവാഹം നടന്നു.

## ക്രൈസ്തവ കുടുംബബന്ധങ്ങൾ

(മൂന്നാം പേജിൽ നിന്ന് തുടർച്ച)

വളും (1പത്രൊസ് 3:4), ഭവനകാര്യം നോക്കുന്നവളും (1തിമൊഥെയൊസ് 2:15; 5:14; തീത്തൊസ് 2:5) ഭർത്താവിനെ ഭയപ്പെടുന്നവളും (എഫെസ്യർ 5:32) ആയിരിക്കേണം എന്ന് തിരുവചനം പഠിപ്പിക്കുന്നു.

ദൈവം തിരുവായ് മൊഴിഞ്ഞു നൽകിയ തിരുവചനസത്യങ്ങൾ ഈ ഭാര്യാഭർത്താക്കന്മാർ അനുസരിക്കുന്നതിലൂടെയും, ദൈവത്തെ ബഹുമാനിക്കുകയും, സ്നേഹിക്കുകയും ചെയ്യുമ്പോൾ ദൈവസ്നേഹം അവരിലേക്ക് ആഴ്ന്നിറങ്ങുന്നു. അപ്പോൾ കുടുംബത്തിൽ സ്നേഹം വെളിപ്പെടും. നിരന്തര പ്രാർത്ഥനയിലൂടെയും പരസ്പര വിശ്വാസത്തിലൂടെയും ആത്മാർത്ഥ സ്നേഹത്തിലൂടെയും കുടുംബ ബന്ധങ്ങൾ നിലനിൽക്കും.

1912 ഏപ്രിൽ 14-ാം തീയതി രാത്രിയിൽ ബ്രിട്ടീഷ് കപ്പലായ ടൈറ്റാനിക്ക് അറ്റ്ലാന്റിക് സമുദ്രത്തിലെ ഒരു മഞ്ഞുമലയിൽ ചെന്നിടിച്ചു തകർന്നു. രണ്ടായിരത്തി ഇരുന്നൂറ് യാത്രക്കാരുണ്ടായിരുന്ന കൂറ്റൻ കപ്പലിൽ വേണ്ട ത്ര രക്ഷാബോട്ടുകൾ ഇല്ലാതിരുന്നതുകൊണ്ടും, കപ്പലിൽ നിന്നയച്ച സഹായാഭ്യർത്ഥന ഉദ്ദേശിച്ചിടത്ത് എത്താതിരുന്നതുകൊണ്ടും ആയിരത്തി അഞ്ഞൂറിലധികം യാത്രക്കാർ മുങ്ങി മരിച്ചു. അവരിലൊരാളായിരുന്നു മിസിസ്സ് ഇസിദോർ സ്ട്രൗസ്. ടൈറ്റാനിക്ക് തകർന്നപ്പോൾ അതിലുണ്ടായിരുന്ന രക്ഷാബോട്ടുകൾ കടലിലിറക്കി ആദ്യം കുട്ടികളും സ്ത്രീകളും ബോട്ടുകളിൽ കയറാൻ കപ്പിത്താൻ നിർദ്ദേശം കൊടുത്തു. ഈ സമയം രക്ഷാപ്രവർത്തനത്തിൽ സജീവ പങ്കാളികളായി ഇസിദോറും ഭർത്താവും മാറി. യാത്രക്കാരെ കൊണ്ടുനിറഞ്ഞ രക്ഷാബോട്ടുകൾ ഒന്നൊന്നായി കപ്പലിൽ നിന്നകന്നു പൊയ്ക്കൊണ്ടിരുന്നു. തീരം തേടി, ജീവിതം തേടി, അവസാന രക്ഷാ ബോട്ടും നീങ്ങാറായി, ഈ സമയം ഇസിദോർ കയറുന്നില്ല. ഭർത്താവ് സ്ട്രൗസ് അവരെ നിർബന്ധപൂർവ്വം ആ ബോട്ടിലാക്കി. പക്ഷേ, അത് നീങ്ങുന്നതിന് മുൻപ് മുങ്ങിക്കൊണ്ടിരുന്ന കപ്പലിലേക്ക് അവർ ചാടിക്കയറി. പകരം മറ്റൊരാളെ ആ ബോട്ടിൽ കയറ്റി. സ്ട്രൗസിന് അവരെ തടയാനും കഴിഞ്ഞില്ല. ഭർത്താവിന്റെ കൈപിടിച്ചുകൊണ്ട് ഇസിദോർ ഇങ്ങനെ പറഞ്ഞു. വളരെ വർഷങ്ങളായി നമ്മൾ ഒരുമിച്ചു കഴിയുന്നു. ഇനി ഇപ്പോൾ അങ്ങയെ പിരിഞ്ഞു പോകുവാൻ വയ്യ. ക്രിസ്തുസ്നേഹം ഇപ്പോൾ എന്നെ അതിന് അനുവദിക്കുന്നില്ല. അങ്ങ് പോകുന്നിടത്ത് ഞാനും വരുന്നു.

എത്ര ത്യാഗോജ്വലമായ സ്നേഹം! ജീവിത പങ്കാളിക്കുവേണ്ടി ഹൃദയത്തിന്റെ അടിത്തട്ടിൽ സൂക്ഷിച്ചിരുന്ന സത്യസന്ധമായ സ്നേഹം എത്ര ധീരമായ വാക്കുകളായി പുറത്തുവന്നു. സന്തോഷത്തിലും സന്താപത്തിലും, ആരോഗ്യത്തിലും അനാരോഗ്യത്തിലും, സമ്പത്തിലും ദാരിദ്ര്യത്തിലും ഒരുമനസ്സോടെ നിൽക്കും എന്ന് വിവാഹവേളയിൽ ദൈവമുമ്പാകെയും, ദൈവദാസന്മാർ മുമ്പാകെയും പ്രതിജ്ഞ എടുത്തവർ, ജീവിത അനുഭവങ്ങളുടെ മുമ്പിൽ മനസ്സുപതറി നിൽക്കുന്ന കാഴ്ചയാണ് ഇന്ന് ക്രൈസ്തവ കുടുംബങ്ങളിൽ പോലും കാണുന്നത്. പാളം തെറ്റിയ തീവണ്ടികളുടെ ബോഗികൾ പാളത്തിന് വെളിയിലായി കിടക്കുന്നതുപോലെ സ്നേഹവും സന്തോഷവും, പരസ്പര വിശ്വാസവും ജീവിത പാളത്തിന് വെളിയിലാകുന്നു. ആത്മിക ഗോളത്തിലെ താളം തെറ്റിയ ജീവിതശൈലികൾ കുടുംബബന്ധങ്ങളിൽ തിരുത്തിയെ മതിയാകു. ക്രിസ്തുസ്നേഹം ഭാര്യാഭർത്താക്കന്മാരിൽ ഉണ്ടായിരിക്കുമ്പോൾ മാത്രമേ സമൂഹത്തിന് മുമ്പിൽ സ്വന്തം മക്കളുടെ മുമ്പിൽ സ്നേഹമുള്ള, മാതൃകാപരമായ, അർത്ഥമുള്ള, എല്ലാവരാലും ബഹുമാനിക്കപ്പെടുന്ന ഒരു കുടുംബജീവിതം കാഴ്ച വെയ്ക്കുവാൻ സാധിക്കുകയുള്ളു ❖

87, Tenement-II, RBTB Hospital,
Kingsway Camp, Delhi-110009
India

# VISWASI

POSTAL REGN.NO.D L 07 / 0138 / 12 - 14
NEWSPAPER REGN. No. 65362 / 97
*Price Rs. 3/-*

Tel : 011- 27658810, Fax : 91-11-27658810, e-mail : icm4india@yahoo.com, website: www.indianchristianmission.com

# ക്രൈസ്തവ കുടുംബ ബന്ധങ്ങൾ



**പാസ്റ്റർ ബിനുജോൺ**
**ന്യൂഡൽഹി**

സമൂഹത്തിന്റെ അടിസ്ഥാന ഘടകമാണ് കുടുംബം. കുടുംബം ഒരു ദേവാലയം എന്ന സങ്കല്പത്തിന് ക്ഷീണം സംഭവിച്ചുകൊണ്ടിരിക്കുന്ന ഒരു സമയത്താണ് നാം ജീവിക്കുന്നത്. കുടുംബ ബന്ധങ്ങൾ ശിഥിലമാവുകയും വേഗത്തിൽ ഉപേക്ഷണ പത്രത്തിൽ ഒപ്പിടാൻ വെമ്പൽ കൊള്ളുകയും ചെയ്യുന്ന ഒരു കാലഘട്ടമാണിത്. വിശ്വാസ സമൂഹത്തിൽ പോലും ഇത് സംഭവിച്ചുകൊണ്ടിരിക്കുന്നു.

**എന്താണ് കുടുംബം?**

ഒരു പ്രഭാഷകൻ പറഞ്ഞിരിക്കുന്നത് കൂടുമ്പോൾ ഇമ്പം എന്നാണ്. മനുഷ്യൻ ഏകനായിരിക്കുന്നത് നന്നല്ല എന്നു കണ്ട ദൈവം അവന്റെ ഏകാന്തത മാറ്റുവാൻ തക്കതുണയെ നൽകിയതാണ് കുടുംബ ബന്ധത്തിന്റെ അടിസ്ഥാനം. പിന്നീട് ദൈവം അവർക്ക് തലമുറയെ കൊടുക്കുന്നതിലൂടെ കുടുംബത്തിന്റെ ഉദ്ദേശ്യം വെളിപ്പെടുന്നു. കുടുംബത്തിൽ ഭാര്യാഭർത്താക്കന്മാരുടെ സ്ഥാനം അഗ്രഗണ്യമാണ്.

**ഭർത്താക്കന്മാർ**

ഓരോ കുടുംബത്തിനും ഓരോ തലവൻ ഉണ്ടായിരിക്കേണം. അതുകൊണ്ട് ഭവനത്തിന്റെയും ഭാര്യയുടെയും മക്കളുടെയും തലവനായിരിക്കുവാനുള്ള ഉത്തരവാദിത്വം ദൈവം ഭർത്താവിനു നൽകിയിരിക്കുന്നു(എഫെസ്യർ 5:23, 1തിമൊഥെയൊസ് 5:8, 6:4). ഭർത്താവ് കൂടെയുള്ളപ്പോൾ ഭാര്യ നായകസ്ഥാനം വഹിക്കരുത്. കുടുംബത്തിന്റെ ആത്മികം, ഭൗതികാവശ്യങ്ങളുടെ കരുതൽ, നേതൃത്വം ഇവ ഉൾപ്പെടുന്നു. ക്രിസ്തു സഭയെ സ്നേഹിച്ചതുപോലെ ഭർത്താവ് ഭാര്യയെ സ്നേഹിക്കണം (കൊലൊസ്സ്യർ 3:19; എഫെസ്യർ 5:25,28,32). ഭാര്യയുടെ നിർമ്മലത കാത്തുസൂക്ഷിക്കുന്നവനും പരിപാലിക്കുന്നവനും സ്വന്തം ഭാര്യയ്ക്കു വേണ്ടി ഏല്പിച്ചുകൊടുക്കുന്നവനും ആയിരിക്കേണം ഭർത്താവ് (എഫെസ്യർ 5:27). വിവേകത്തോടെ ഭാര്യയോടു കൂടി വസിച്ച് സ്ത്രീ ബലഹീന പാത്രം എന്നറിഞ്ഞ് അവർക്കു ബഹുമാനം കൊടുക്കുന്നവരാകണം (1 പത്രൊസ് 3:7). ഭാര്യയോട് സമ്പർക്കം ഉള്ളവനായിരിക്കണം(എഫെസ്യർ 5:31). വിശുദ്ധ ബൈബിൾ കുടുംബത്തിന് പ്രാധാന്യം നൽകി അനുശാസിക്കുന്ന തത്വങ്ങളാണ് മുകളിൽ വിവരിച്ചത്. ഇത് ഒരു കുടുംബസ്ഥൻ നിറവേറ്റുമ്പോൾ അതിന്റെ മാഹാത്മ്യം വരും തലമുറയും സമൂഹവും മാതൃകയാക്കും.

> **ആത്മിക ഗോളത്തിലെ താളം തെറ്റിയ ജീവിതശൈലികൾ കുടുംബബന്ധങ്ങളിൽ തിരുത്തിയെ മതിയാകൂ. ക്രിസ്തുസ്നേഹം ഭാര്യാഭർത്താക്കന്മാരിൽ ഉണ്ടായിരിക്കുമ്പോൾ മാത്രമേ സമൂഹത്തിന് മുമ്പിൽ സ്വന്തം മക്കളുടെ മുമ്പിൽ സ്നേഹമുള്ള, മാതൃകാപരമായ, അർത്ഥമുള്ള, എല്ലാവരാലും ബഹുമാനിക്കപ്പെടുന്ന ഒരു കുടുംബ ജീവിതം കാഴ്ചവെയ്ക്കുവാൻ സാധിക്കുകയുള്ളൂ**

**ഭാര്യമാർ**

ഭാര്യമാരും സമൂഹത്തിൽ വളരെ സ്ഥാനവും ബഹുമാനവും അർഹിക്കുന്നവരാണ്. സ്നേഹിക്കുക, സഹായിക്കുക, അനുസരിക്കുക, കീഴ്പ്പെട്ടിരിക്കുക, ശുശ്രൂഷിക്കുക എന്നീ ദൈവദത്തമായ കാര്യങ്ങളും ഭാര്യമാരിൽ നിക്ഷിപ്തമായിരിക്കുന്നു. വചനം പറയുന്നു, സ്നേഹിക്കുന്നവളും (തീത്തൊസ് 2:4,5), ബഹുമാനിക്കുന്നവളും (1പത്രൊസ് 3:1,2), തുണയായിരിക്കുന്നവളും (ഉല്പത്തി 2:18), വിശുദ്ധിയുള്ളവളും (തീത്തൊസ് 2:5; 1പത്രൊസ് 3:2),കീഴടങ്ങുന്നവളും (തീത്തൊസ് 2:4), സൗമ്യതയും, ശാന്തതയും, ആത്മികമുള്ള

(ശേഷം മൂന്നാം പേജിൽ)

## വേദവിചാരം

# ദൈവവിളിയുടെ പ്രസക്തി



**പാസ്റ്റർ ബിജു ബഞ്ചമിൻ**

ക്രിസ്തീയ ജീവിതത്തിൽ ദൈവവിളിയുടെ പ്രാധാന്യത വളരെ വലുതാണ്. ദൈവിക ശുശ്രൂഷയിൽ ഏറ്റവും അനിവാര്യമായ ഒന്നാണ് ദൈവവിളി. ശുശ്രൂഷയുടെ ആരംഭവും ഉറപ്പുമാണത്. ജീവിതത്തിന്റെ എല്ലാ മേഖലകളിലും അത് ബാധകമാണ്. നമ്മുടെ ഔദ്യോഗികവും വൈയക്തികവുമായ ജീവിതത്തിൽ ഇത് ഏറെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. ദൈവം എല്ലാവരേയും വിളിക്കുന്നു. എന്നാൽ ശുശ്രൂഷയ്ക്കായി ചിലരെ തെരെഞ്ഞെടുക്കുന്നു. യേശുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട നാം എല്ലാവരും ശുശ്രൂഷക്കാർ തന്നെയാണ്, തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹിത വർഗ്ഗവും വിശുദ്ധവംശവും സ്വന്തജനവുമാകുന്നു (1 പത്രൊ 2: 9). വേദപുസ്തകത്തിന്റെ ആരംഭംമുതൽ തന്നെ പ്രത്യേക ദൗത്യത്തിനായി ദൈവം വ്യക്തികളെ വിളിച്ച് വേർതിരിക്കുന്നതായി കാണുന്നു. ഭൂമിയിലെ സകല ജാതികളും അനുഗ്രഹിക്കപ്പെടുവാനായി ദൈവം അബ്രഹാമിനെ വിളിക്കുന്നു. നിന്നെ അനുഗ്രഹിച്ച് നിന്റെ പേർ വലുതാക്കും...നിന്നിൽ ഭൂമിയിലെ സകലവംശങ്ങളും അനുഗ്രഹിക്കപ്പെടും (ഉൽ 12:2,3) എന്നത് ഒരു വലിയ ദൗത്യത്തിനായുള്ള തെരെഞ്ഞെടുപ്പായിരുന്നു. അബ്രഹാം എന്ന ഒരു വ്യക്തിയെ വിളിച്ചപ്പോൾ ഇസ്രായേൽ എന്ന സമൂഹത്തെ ദൈവം അതിലൂടെ വാർത്തെടുത്തു.

ലോകത്തിന്റെ വെളിച്ചമായി തീരേണ്ട ഇസ്രായേൽ സാമൂഹികവും രാഷ്ട്രീയവും മതപരവുമായ അടിമത്വത്തിൽ ശ്വാസം മുട്ടിയപ്പോൾ അവരുടെ വിമോചകനായി മോശയെ ദൈവം വിളിച്ചു. മോശയിലൂടെ ആ ദൗത്യം ദൈവം പൂർത്തീകരിച്ചു. ഹോരേബ് പർവ്വതത്തിൽ വച്ച് മോശ കണ്ട കത്തുന്ന മുൾപ്പടർപ്പ് അവനെ വിളിച്ച് വേർതിരിച്ച് നിയോഗിക്കുന്ന യാഥാർത്ഥ്യത്തിന്റെ നിഴലായ ദർശനമായി വെളിപ്പെട്ട് കാണുന്നു (പുറ 3:1–10). മോശയുടെ മരണശേഷം യോശുവ എന്ന യുവാവിനെ ദൈവം വിളിക്കുന്നു. കനാൻ ദേശം കൈവശമാക്കുവാൻ ഇസ്രായേലിന് കൈമോശം വന്ന ധൈര്യം യോശുവയിലൂടെ ദൈവം പുനസ്ഥാപിക്കുന്നു. ദൈവവിളിയുടെ സുപ്രധാന ഘടകമായ ദൈവസാന്നിധ്യം ഇവിടെ യോശുവയുടെ വിളിയിലും ജീവിതത്തിലും നിറഞ്ഞു കാണുന്നു (യോശുവ 1: 57).

യഹോവയുടെ വചനം ദുർല്ലഭവും ദർശനം ഏറെ ഇല്ലാതെയുമിരുന്ന കാലഘട്ടത്തിൽ ഇസ്രായേലിൽ നീതിയും ന്യായവും നിവർത്തിക്കുവാനായി ദൈവം ശമുവേൽ എന്ന ബാലനെ വിളിക്കുന്നു. ബാല്യത്തിൽതന്നെ വേർതിരിക്കപ്പെട്ടവനായി ശമുവേൽ ബാലൻ വളർന്നു വന്നു. രാജാക്കന്മാരെ അഭിഷേകം ചെയ്യുവാനും അവരോട് ദൈവത്തിന്റെ ദൂത് അറിയിക്കുവാനും ശമുവേൽ നിയുക്തനായി. അതുപോലെ തന്നെ പ്രവാചകവര്യരായ യെശയ്യാവിനെയും യിരമ്യാവിനെയും ദൈവം വിളിക്കുന്നു. "ഞാൻ ആരെ അയക്കേണ്ടു, ആർ എനിക്ക് വേണ്ടി പോകും" എന്ന് ചോദിക്കുന്ന കർത്താവിന്റെ ശബ്ദത്തിന് "അടിയനിതാ, അടിയനെ അയക്കേണമേ"എന്നായിരുന്നു യെശയ്യാവിന്റെ മറുപടി (യെശ 6:8). ബാലനായിരിക്കുമ്പോൾ യിരമ്യാവിനെ ദൈവം വിളിക്കുന്നു. "നിന്നെ ഉദരത്തിൽ ഉരുവാക്കിയതിന് മുമ്പേ ഞാൻ നിന്നെ അറിഞ്ഞു; നീ ഗർഭപാത്രത്തിൽ നിന്ന് പുറത്തുവരുന്നതിന് മുമ്പേ ഞാൻ നിന്നെ വിശുദ്ധീകരിച്ചു, ജാതികൾക്ക് പ്രവാചകനായി നിയമിച്ചിരിക്കുന്നു" എന്ന് ദൈവം അരുൾചെയ്തു (യിര 1:5).

ശുശ്രൂഷയ്ക്കായുള്ള ദൈവവിളിയോടുള്ള ബന്ധത്തിൽ ചില പ്രധാന ഘടകങ്ങൾ നമുക്ക് കാണുവാൻ സാധിക്കുന്നു. ദൈവിക വിളി, വേർതിരിക്കൽ, വിശുദ്ധീകരണം, നിയമനം എന്നിവയാണത്. തന്റെ വിളിയെക്കുറിച്ച് പൗലോസ് അപ്പൊസ്തലൻ പറയുന്ന വാക്കുകൾ വളരെ ശ്രദ്ധേയമാണ്. തന്നെ വിളിച്ചു എന്നും വേർതിരിച്ചു എന്നും പൗലോസ് എടുത്തു പറയുന്നു (ഗലാ 1:15). ക്രിസ്തു തന്നെ വിശ്വസ്തൻ എന്ന് എണ്ണി ശുശ്രൂഷയ്ക്ക് നിയമിച്ചു എന്നും പൗലോസ് പറയുന്നു (1 തിമോ 1:12). പുതിയനിയമത്തിന്റെ ശുശ്രൂഷകരും, ആത്മാവിന്റെ ശുശ്രൂഷകരുമായി നമ്മെ നിയമിച്ചിരിക്കുന്നു എന്നും പൗലോസ് എടുത്തു പറയുന്നു (2 കൊരി 3:6–11).

ദൈവവിളിയും തെരെഞ്ഞെടുപ്പും എല്ലാവർക്കും ബാധകമാണ്. നമ്മുടേതായ ദൗത്യങ്ങൾ, ശുശ്രൂഷകൾ പൂർത്തീകരിക്കുവാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു. ആത്മീയ ശുശ്രൂഷയ്ക്കായി മാത്രമല്ല, നാം ആയിരിക്കുന്ന ഔദ്യോഗിക മേഖലകളിലും ദൈവമാണ് നമ്മെ നിയമിച്ചിരിക്കുന്നത്. നമ്മുടെ വിളിക്കും തെരെഞ്ഞെടുപ്പിനും അനുയോജ്യമായി പ്രവർത്തിക്കുവാൻ നമുക്ക് കഴിയണം. നമ്മുടെ പ്രവൃത്തികളെ ദൈവം ശോധന ചെയ്യും എന്ന ബോധ്യം നമുക്കുണ്ടായിരിക്കണം. ഓരോരുത്തന് താന്താന്റെ അദ്ധ്വാനത്തിന് ഒത്തവണ്ണം കൂലികിട്ടും(1 കൊരി 3:8). ദൈവിക ശുശ്രൂഷയിലും ഔദ്യോഗിക മേഖലയിലും ജീവിതത്തിന്റെ എല്ലാ തലങ്ങളിലും ഈ സത്യം ബാധകമാണ്. പുതുവർഷത്തിലേക്ക് പ്രവേശിച്ചിരിക്കുന്ന നമ്മുടെ ജീവിതത്തിൽ ദൈവവിളിയോട് യാഥാർത്ഥ്യബോധത്തോടെ പ്രതികരിക്കുവാനും ദൈവഹിതം നിവർത്തിക്കുവാനും നമുക്ക് സാധിക്കട്ടെ. ഈ വർഷത്തിൽ നമ്മുടെ തീരുമാനങ്ങളിലൊന്ന് ഇതായിരിക്കട്ടെ. എല്ലാ വായനക്കാർക്കും നന്മ നിറഞ്ഞ പുതുവർഷം ആശംസിക്കുന്നു!

## ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ

1. സഭാ സ്ഥാപനം (ഫെയ്ത്ത് ഫെലോഷിപ്പ് ചർച്ച്- ഡൽഹി, ബീഹാർ, കേരളം)
2. ഫെയ്ത്ത് സെലിബ്രേഷൻ ബൈബിൾ കോളജ് (കേരളം)
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷൻ സ്കൂളുകൾ (ബീഹാർ)
4. കോച്ചസ് ചൈൽഡ് ഡെവലെപ്പ്മെന്റ് സെന്റർ (ബീഹാർ)
5. ഫെയ്ത്ത് സീയോൻ സിംഗേഴ്സ് (കേരളം)
6. വിശ്വാസി പബ്ളിക്കേഷൻസ്
7. മ്യൂസിക്കൽ സി.ഡികൾ (സ്നേഹധ്വനി, സ്നേഹധാര, സ്നേഹനാഥൻ, കൺവൻഷൻ ഗാനങ്ങൾ, സ്നേഹമാധുരി, പ്രേംവാണി (ഹിന്ദി)

**ഈ പ്രവർത്തനങ്ങളിൽ നിങ്ങൾക്കും പങ്കാളികളാകാം**

1. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള നിങ്ങളുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഞങ്ങളെ അറിയിക്കുക
2. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ ഓർത്ത് ദിവസവും പ്രാർത്ഥിക്കുക
3. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തുക
4. ഇന്ത്യൻ ക്രിസ്ത്യൻ മിഷന്റെ പ്രവർത്തനങ്ങളെ സാമ്പത്തികമായി സഹായിക്കുക

**സംഭാവനകൾക്ക് ആദായനികുതി ഇളവ് (80ജി)ലഭിക്കുന്ന രസീത് നൽകുന്നതാണ്.**

INDIAN CHRISTIAN MISSION
87, TENEMENT-II, RBTB HOSPITAL, KINGSWAY CAMP, DELHI-110009
Ph: (011)- 27658810, E-mail: icm4india@yahoo.com
Website: www.indianchristianmission.com

*Edited, Printed, Published and Owned by Pastor M. Samuelkutty, 87 Tenement-II, RBTB Hospital, Delhi-9, at New Life Printers (P) Ltd, Delhi-9, Tel : 32607442*